24/11/21......

6/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.336(6)/2015/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*2196/എസ്.ഐ.സി-ജി 5/2015*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജി. വിജയകുമാർ,
കാവടിവിളാകം,
സിസിലിപുരം, വെങ്ങാനൂർ പി.ഒ.,
തിരുവനന്തപുരം } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
   നെയ്യാറ്റിൻകര, തിരുവനന്തപുരം -~~695~~ 033

2. അപ്പീൽ അധികാരി &
   ജില്ലാ പോലീസ് മേധാവി,
   ജില്ലാ പോലീസ് ഓഫീസ്,
   പി.എം.ജി., വികാസ് ഭവൻ,
   തിരുവനന്തപുരം-695 033

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25.11.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10.02.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10.02.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28.02.2015 |

| | |
|---|---|
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.03.2015 |
| ഹിയറിംഗ് തീയതി & സ്ഥലം | 29.10.2021 & കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജി. വിജയകുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ പകർപ്പുകൾ ലഭ്യമല്ലെന്ന മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 25.11.2014 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, സുതാര്യ കേരളത്തിൽ 27.04.2012 ൽ നൽകിയ പരാതി No.8938/CMPGRC/SK/2012/GAD ഡി.ജി.പി. ക്കു കൈമാറുകയും ടി പരാതി നെയ്യാറ്റിൻകര ഡി.വൈ.എസ്.പി ശ്രീ. റെസ്സം അന്വേഷിക്കുകയും ടി പരാതിയുടെ കോപ്പി നൽകണമെന്നും 21.06.2011 ൽ ഡി.ജി.പി. ക്കു കൊടുത്ത പരാതിയിൽ ഉൾപ്പെട്ട ഡി.വൈ.എസ്.പി ശ്രീ. ശേഖരൻ തന്നെ മറ്റൊരു ഡി.വൈ.എസ്.പി അന്വേഷിച്ച റിപ്പോർട്ട് മാറ്റി കളള റിപ്പോർട്ട് തന്നതിന് എതിരെ 15.02.2012 ൽ റെയ്ഞ്ച് ഐ.ജി.ക്ക് പരാതി നൽകുകയും ടി പരാതി നെയ്യാറ്റിൻകര ഡി.വൈ.എസ്.പി ശ്രീ. റെസ്സം അന്വേഷിക്കുകയും ടി

പരാതിയുടെ കോപ്പി നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 26.12.2014 തീയതി നൽകിയ മറുപടി നൽകിയതായി കാണുന്നു. എന്നാലും പൂർണ്ണമായി വിവരങ്ങൾ നൽകിയതായി കാണുന്നില്ല. ആയതിനാൽ ഹർജിക്കാരൻ 17.01.2015 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയതിന്മേൽ രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കിയതായി കാണുന്നില്ല.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 30.12.2015 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷിയുടെ അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ. & ഡി.വൈ.എസ്.പി. നെയ്യാറ്റിൻകര സ്വീകരിച്ച നടപടി റിപ്പോർട്ട് ടി കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും അപ്പീൽ അപേക്ഷ ലഭിച്ചിട്ടില്ലെന്നും ടിയാൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും പകർപ്പുകളും ടിയാന് ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 25.11.2014 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 26.12.2014 തീയതി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 07.01.2015 ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചതിന്മേൽ അപ്പീൽ അധികാരി ടി അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നില്ല. 29.10.2021 തീയതി കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജിക്കാരന് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം അറിയിക്കുകയോ ചെയ്തിട്ടില്ല. എന്നിരുന്നാലും ഹർജിക്കാരൻ

ആവശ്യപ്പെട്ട പരാതിയുടെ ലഭ്യമായ പകർപ്പുകൾ ഒന്നാം എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 8 ദിവസത്തിനകം ഹർജിക്കാരന് അയച്ചു നൽകേണ്ടതാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ചപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 06–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp